**<u>മൂന്നാമത് ഇന്ത്യ - ചൈന തന്ത്രപ്രധാന സാമ്പത്തിക സംഭാഷണം ബെയ്ജിംഗിൽ നടന്നു</u>**

മാർച്ച് 18, 2014

മൂന്നാമത് ഇന്ത്യ - ചൈന തന്ത്രപ്രധാന സാമ്പത്തിക സംഭാഷണ യോഗം ബെയ്ജിംഗിൽ ഇന്ന് നടന്നു . യോഗത്തിൽ ഇന്ത്യയുടെ ആസൂത്രണ കമ്മീഷന് ഉപാദ്ധ്യക്ഷൻ ഡോ. മോൺ ടെക് സിംഗ് അഹലൂവാലിയ , ചൈനയുടെ ദേശീയ വികസന - പരിഷ്കരണ കമ്മീഷന് അദ്ധ്യക്ഷൻ ശ്രീ ക്സൂ ഷവോഷി , എന്നിവർ അധ്യക്ഷസ്ഥാനം പങ്കു വച്ചു. ഇന്ത്യയിലെയും ചൈനയിലെയും ഉന്നത ഉദ്യോഗസ്ഥർ എന്നിവര് പങ്കെടുത്തു .

ഇരു വിഭാഗത്തെ പ്രതിനിധികളും വളരെ വിപുലമായതും ആഴത്തിലുള്ളതുമായ ചർച്ചകള് നടത്തി. ഉഭയകക്ഷി വ്യാപാരം, നിക്ഷേപം, സാമ്പത്തിക സഹകരണം , മേഖല - ആഗോള സാമ്പത്തിക സ്ഥിതിവിശേഷം എന്നിവയിൽ നടന്ന ചർച്ച ബൃഹത്-സാമ്പത്തിക നയ സഹകരണം , പ്രശ്നങ്ങളും വെല്ലുവിളികളും നേരിടുന്നതിനു കൈകോർക്കല് എന്നിവയെ കണ്ടു കൊണ്ടായിരുന്നു . റെയിൽവേ അടിസ്ഥാന സൗകര്യം , വിവരസാങ്കേതിക വിദ്യ , ഊർജം , സാമ്പത്തികകാര്യമെന്നി മേഖലകളിലെ ഉഭയകക്ഷി സഹകരനങ്ങൾക്ക് ഊന്നല് കൊടുത്തു. ഉഭയകക്ഷി സഹകരണം ആഴമുള്ളതാക്കുവാൻ വേണ്ടി ഐക്യരാഷ്ട്ര സഭ, ഗ്രൂപ്പ് - 20 , ബ്രിക്സ് തുടങ്ങിയ ബഹുമുഖമായ ചട്ടക്കൂടുകളിൽ കൂടുതൽ ഇടപെടുന്നത് തുടരാമെന്നു ഇരു വിഭാഗങ്ങളും സമ്മതിച്ചു . . റെയിൽവേയുടെ കീഴില് ഹെവി ഹോളിനു വേണ്ടി , ഇന്ത്യയിലെ സ്റ്റേഷനുകളുടെ പുതു മാറ്റങ്ങൾ , നിലവിലുള്ള ട്രെയിനുകളുടെ വേഗത കൂട്ടല് എന്നിവയ്ക്ക് വേണ്ടി പ്രത്യേക സഹകരണ സൌകര്യങ്ങൾക്ക് പ്രയത്നിക്കാം എന്ന് ഇരു വിഭാഗങ്ങളും തീരുമാനിച്ചു. ഈ വിഷയത്തിൽ നടപ്പിലാക്കൽ നടപടിക്രമം തയാരാക്കുന്നതിനു നോഡൽ

ഏജൻസികളെ ചുമതലപ്പെടുത്തി .
ഇന്ത്യയിലെ വ്യവസായം ,വ്യവസായ മേഖലകൾ എന്നിവയില് നിക്ഷേപിക്കുന്നതിന് ചൈനയിലെ കമ്പനികളെ പ്രാപ്തരാക്കുന്നതിന് തന്ത്രപ്രധാന പങ്കാളിത്തത്തിനു കീഴിൽ നിയുക്ത സംഘത്തെ നിയമിക്കുവാൻ ഇരു വിഭാഗവും തീരുമാനിച്ചു .
(i) സുസ്ഥിര നഗരവത്ക്കരണം ,(ii) വിവര -
വാർത്താവിനിമയ സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളില് ധാരണാപത്രം സംഭാഷണത്തിൽ ഒപ്പ് വച്ചു . അടുത്ത വട്ട ചർച്ചകൾക്ക് മുന്നേ പൂർത്തീകരിക്കുന്നതിനു വേണ്ടി സുസ്ഥിര നഗരവത്ക്കരണം , ഊർജ ആസൂത്രണം എന്നിവയിൽ സംയുക്ത പഠനങ്ങൾക്കുള്ള കർമ്മ പദ്ധതികള് ഒപ്പ് വച്ചു .
നാളെ ബെയ്ജിംഗിൽ ഡോ. മോൺ ടെക് സിംഗ് അഹലൂവാലിയ, ചൈനയുടെ പ്രീമിയർ ലി കേഖിയാംഗിനെ കാണും. ചൈനയിലെ സാമ്പത്തിക മന്ത്രാലയത്തിലെ തന്റെ പദവിയിൽ ഉള്ളവര് , സ്റ്റേറ്റ് ഓൺഡ് അസറ്റ്സ് സൂപ്പര് വിഷൻ ആൻഡ് അഡ്മിനിസ്ട്രേഷന് കമ്മീഷന് , ചൈന ഡെവലപ്പ്മെന്റ് ബാങ്ക് അധ്യക്ഷൻ എന്നിവരുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകള് നടത്തും .
ആദ്യ രണ്ടു വട്ട തന്ത്രപ്രധാന പങ്കാളിത്ത ചർച്ചകള് സെപ്തംബർ 2011 ല് ബെയ്ജിംഗിൽ വച്ചും നവംബര് 2012 ൽ ഡൽഹിയില് വച്ചും ആയിരുന്നു. നാലാം വട്ട ചർച്ച ഇന്ത്യയിൽ അടുത്ത വർഷം നടക്കും

ബെയ്ജിംഗ്
മാർച്ച് 18, 2014